# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1158 14.06.2012 - ൽ മറുപടിക്ക്**

## പ്രത്യേക റോഡ് വികസന ഏജൻസി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. വി. റ്റി. ബൽറാം :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. പാലോട് രവി : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റോഡ് വികസന പദ്ധതിക്കായി പ്രത്യേക ഏജൻസിക്ക് രൂപം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) റോഡ് വികസന പദ്ധതിക്കായി 'റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്' എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) പ്രത്യേക റോഡ് വികസന ഏജൻസിയുടെ ചുമതലകളും കർത്തവ്യങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ രേഖ തയ്യാറാക്കുക, പദ്ധതിക്കാവശ്യമായ സാമ്പത്തിക വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുക, പൊതു - സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നിവയാണ് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡിന്റെ പ്രധാന ചുമതലകൾ. |

| | | | |
|---|---|---|---|
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ? | (സി) | പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു കൺസൾട്ടന്റിനെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തുമാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ നിന്നും ധന സഹായം ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ കരട് റിപ്പോർട്ട് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ശുപാർശക്കായി സമർപ്പിച്ചു കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**